# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1230** **11.06.2019 ൽ മറുപടിക്ക്**

**കുറ്റാലം കൊട്ടാരം**

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തമിഴ് നാട്ടിലെ കുറ്റാലം കൊട്ടാരത്തിന്റെയും അനുബന്ധ ഭൂമിയുടെയും ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനാണെന്ന് സ്ഥാപിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന സർക്കാരിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും നിരന്തര ഇടപെടലിനെ തുടർന്നും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചതിന്റേയും അടിസ്ഥാനത്തിൽ, കോടതി നിർദ്ദേശ പ്രകാരം തിരുനെൽവേലി ഡി.ആർ.ഒ, കുറ്റാലം കൊട്ടാരത്തിലുള്ള കേരള സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) കുറ്റാലത്തെ 56.68 ഏക്കർ ഭൂമിയും കൊട്ടാരവും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) കുറ്റാലം കൊട്ടാരവുമായി ബന്ധപ്പെട്ട 56.68 ഏക്കർ സ്ഥലത്തിനു ചുറ്റും തകർന്നു പോയ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുകയും ചുറ്റുമതിലിനു മുകളിലായി 12 അടി ഉയരത്തിൽ കമ്പി വേലി നിർമ്മിക്കുകയും നെയിം ബോർഡുകളും സ്ഥാപിക്കുകയും ചെയ്തു. അനധികൃത നടപടികളും കൈയ്യേറ്റങ്ങളും തടയാനായി കേരളാ പോലീസിന്റെ സ്ഥിരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരെ നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**